©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Tuesday<br>തിരുവനന്തപുരം, ചൊവ്വ | 3rd May 2011<br>2011 മേയ് 3<br>13th Vaisakha 1933<br>1933 വൈശാഖം 13 | No.<br>നമ്പർ | 960 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 63/2011/LBR. *Dated, Thiruvananthapuram, 3rd May, 2011.*

**S. R. O. No. 288/2011**.—In exercise of the powers conferred by sub-section (2) of section 5 of the Minimum Wages Act, 1948 (Central Act 11 of 1948) read with clause (b) of sub-section (1) of section 3 thereof, and in supersession of the notification issued under G. O. (Rt.) No. 3003/2004/LBR dated 18th November, 2004 and published as S. R. O. No. 1270/2004 in the Kerala Gazette Extraordinary No. 2526 dated 1st December, 2004, the Government of Kerala after considering the objections and suggestions received on the draft proposal published under notification No. 3066/El/2010/LBR dated 3rd November, 2010 published in the Kerala Gazette Extraordinary No. 2569 dated 15th November, 2010 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Minor Ports in the State of Kerala as specified in

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.

33/1647/2011/DTP.

the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the revised rate of wages shall come into force.

SCHEDULE

| | *Daily Basic Wages (for 8 hours work)* |
|---|---|
| **I. Class A** | |
| Ship Supervisor | ₹ 320 |
| **II. Class B** | |
| (1) Stevedore Srange | ₹ 251 |
| (2) Charge man | |
| (3) Tally Supervisor (Ship) | |
| **III. Class C** | |
| (1) Trolly Workers | ₹ 243 |
| (2) Tally Clerk (Ship) | |
| (3) Karavelakkar (Attyworkers) | |
| (4) Headload Workers | |
| (5) Harbour Craft Workers (Workers in Barges, Manjia and Chilankar lighters, Masala Boats, Canoes, Thonies and other Crafts) | |
| (6) Store Keeper | |
| (7) Combaman | |
| (8) Winchman | |
| (9) Crane Operator (Ship) | |
| (10) Stevendore Worker/Hatchman | |
| (11) Tindal | |

**IV. Class D**

| | |
|---|---|
| (1) Bandari<br>(2) Signaller/Gangman (Ship)<br>(3) Pointsman | ₹ 234 |

**V. Class E**

| | |
|---|---|
| (1) Sundry Workers<br>(2) Checkers<br>(3) Watchman<br>(4) Stitchers (Shore & Ship)<br>(5) Tally Clerk (Shore)<br>(6) Jetty Supervisor<br>(7) Hookman<br>(8) Table Clerks (Receipt Clerk, Plan Clerk, Manifest Clerk)<br>(9) Ship Watcher<br>(10) Jetty Watcher<br>(11) Those engaged in loading and unloading empty bags<br>(12) Sea Watcher<br>(13) Gate Watcher<br>(14) Counting Worker<br>(15) Mail Boat Workers<br>(16) Coir Picker<br>(17) Filter (Store and Ship)<br>(18) Waterman<br>(19) Sweeping Collector (Ship and Shore)<br>(20) Store Supervisor<br>(21) Stage Worker | ₹ 230 |

With reference to each port where wages are paid on a tonnage basis or at piece rates or according to output of work, the employees should be given an enhancement of 30 per cent of the rates admissible as per G. O. (Rt.)No.3003/2004/ LBR dated 18th November, 2004 with reference to each port as on the date of publication of this notification. However, it shall be ensured that this category of employees are getting wages at the rate not less than the rate of minimum wages fixed as per this notification. Women workers should be given the same wages as men workers for identical work.

**Dearness Allowance**

Dearness Allowance shall be paid at the rate of ₹ 1.50 for every point of increase over 130 points in the cost of living index (new series 1998-99=100) published by the Directorate of Economics and Statistics. The respective centres with relation to the cost of living under are as given below:

| | *Ports* | | *District* |
|---|---|---|---|
| 1. | Vizhinjam | .. | Thiruvananthapuram |
| 2. | Thiruvananthapuram | .. | Thiruvananthapuram |
| 3. | Neendakara | .. | Kollam |
| 4. | Alappuzha | .. | Alappuzha |
| 5. | Munambam | .. | Thrissur |
| 6. | Ponnani | .. | Malappuram |
| 7. | Beypore | .. | Kozhikode |
| 8. | Kozhikode | .. | Kozhikode |
| 9. | Vadakara | .. | Kozhikode |
| 10. | Thalassery | .. | Kannur |
| 11. | Kannur | .. | Kannur |
| 12. | Azhikkal | .. | Kannur |
| 13. | Kasargod | .. | Kasargod |

The monthly paid employees shall be paid such sum as monthly salary which shall be arrived at by multiplying the sum of basic pay and dearness allowance fixed above for 8 hours of job by 26. In case any category of employees who are actually in receipt of higher wages than the minimum wages specified above or any other benefit they shall continue to get such higher rates of wages or of such benefits.

By order of the Governor,

B. Babu,

*Principal Secretary to Government (i/c).*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government had earlier revised the minimum rates of wages payable to the monthly paid employees employed in the Minor ports in the State vide G. O. (Rt.) 3003/2004/LBR dated 18th November, 2004 and published as S.R.O. No. 1270/2004 in the Kerala Gazette Extraordinary No. 2526 dated 1st December, 2004. Government have now decided to revise the existing minimum rates of wages in the said sector after considering the objections and suggestions and in consultation with the Minimum Wages Advisory Board constituted for the purpose.

This notification is intended to achieve the above object.

# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 63/2011/തൊഴിൽ. *തിരുവനന്തപുരം, 2011 മേയ് 3.*

**എസ്. ആർ. ഒ. നമ്പർ 288/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) പ്രസ്തുത ആക്ടിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2004 ഡിസംബർ 1-ാം തീയതിയിലെ 2526-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1270/2004 ആയി പ്രസിദ്ധീകരിച്ച 2004 നവംബർ 18-ാം തീയതിയിലെ സ. ഉ. (ആർറ്റി.) നമ്പർ 3003/2004/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2010 നവംബർ 15-ാം തീയതിയിലെ 2569-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 നവംബർ 3-ാം തീയതിയിലെ 3066/ഇ1/2010/തൊഴിൽ നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, മിനിമം വേജസ് ആക്ടിലെ 7-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം കേരള സംസ്ഥാനത്തെ ചെറിയ തുറമുഖങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിക്കുന്നപ്രകാരം കേരള സർക്കാർ ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

## പട്ടിക

| | പ്രതിദിനം അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) |
|---|---|
| I. ക്ലാസ്സ് - എ | |
| കപ്പൽ നോട്ടക്കാരൻ | ₹ 320 |

II. ക്ലാസ്സ് - ബി

(1) അമരക്കാരൻ

(2) ചുമതലക്കാരൻ

(3) കണക്കപ്പിള്ള

} ₹ 251

III. ക്ലാസ്സ് - സി

(1) ഉന്തുവണ്ടി ജോലിക്കാർ

(2) ഗുമസ്തൻ (കപ്പൽ)

(3) കരവേലക്കാർ (അട്ടിജോലിക്കാർ)

(4) കയറ്റിറക്ക് ജോലിക്കാർ

(5) തുറമുഖത്തെ തോണി ജോലിക്കാർ (വലിയ വള്ളങ്ങൾ, മഞ്ചിയ, കടൽ വള്ളങ്ങൾ, ഭാരം കുറഞ്ഞ വള്ളങ്ങൾ, ചിറ്റോടങ്ങൾ, തോണി, മറ്റ് ചെറിയ കപ്പലുകൾ)

(6) സാധനങ്ങൾ സൂക്ഷിക്കുന്ന ആൾ

(7) കോമ്പാമാൻ

(8) ക്രെയിൻ ഓപ്പറേറ്റർ (കടൽപ്പാലം)

(9) ക്രെയിൻ ഓപ്പറേറ്റർ (കപ്പൽ)

(10) അമരത്ത് കിളിവാതിലിൽ നിൽക്കുന്ന ജോലിക്കാർ

(11) ടിൻഡൽ

} ₹ 243

IV. ക്ലാസ്സ് - ഡി

(1) പാചകക്കാരൻ

(2) അടയാളം കാട്ടുന്ന ആൾ/ഗാങ്ങ്മാൻ (കപ്പൽ)

(3) പോയിന്റ്സ്മാൻ

} ₹ 234

V. ക്ലാസ്സ് - ഇ

(1) പലതരം ജോലികൾ ചെയ്യുന്നവർ
(2) പരിശോധകർ
(3) കാവൽക്കാരൻ
(4) തുന്നൽക്കാരൻ (കരയിലും കപ്പലിലും)
(5) ഗുമസ്തൻ (തീരം)
(6) കടവിലെ മേൽനോട്ടക്കാരൻ
(7) ചൂണ്ടക്കാരൻ
(8) ഗുമസ്തൻ (രസീത് നൽകുന്ന ഗുമസ്തൻ, പദ്ധതി തയ്യാറാക്കുന്ന ഗുമസ്തൻ, മാനിഫെസ്റ്റ് ക്ലാർക്ക്)
(9) കപ്പൽ കാവൽക്കാരൻ
(10) കടവ് കാവൽക്കാരൻ
(11) ഒഴിഞ്ഞ ബാഗുകൾ കയറ്റി ഇറക്കുന്നവർ
(12) കപ്പൽച്ചരക്ക് സൂക്ഷിപ്പുകാരൻ
(13) ഗേറ്റ് കാവൽക്കാരൻ
(14) എണ്ണൽ ജോലിക്കാരൻ
(15) കരയിൽ നിന്നും കപ്പലിലേക്ക് യാത്രക്കാരെ എത്തിക്കുന്ന തോണിയിലെ ജോലിക്കാർ
(16) കയർ ജോലിക്കാർ
(17) നിറയ്ക്കുന്ന ആൾ (സ്റ്റോറിലും കപ്പലിലും)
(18) കടത്തിറക്കുന്ന ആൾ (തുഴയൽക്കാരൻ)
(19) തൂത്തുവാരുന്ന ആൾ (കപ്പലിലും കരയിലും)
(20) കലവറ മേൽനോട്ടക്കാരൻ
(21) തട്ട് ജോലിക്കാരൻ

₹ 230

"പീസ്റേറ്റ് വ്യവസ്ഥയിലോ ടണ്ണേജ് അടിസ്ഥാനത്തിലോ ജീവനക്കാർക്ക് വേതനം നൽകുന്ന ഓരോ തുറമുഖത്തിന്റെയും കാര്യത്തിൽ 2004 നവംബർ 18-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) നമ്പർ 3003/2004/തൊഴിൽ വിജ്ഞാപന പ്രകാരം ലഭിക്കുവാൻ അർഹതയുള്ള വേതന നിരക്കിൽ മുപ്പത് ശതമാനം വർദ്ധനവ് ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ നൽകേണ്ടതാണ്. എന്നാൽ, ഈ വിഭാഗം ജീവനക്കാർക്ക് ഈ വിജ്ഞാപന പ്രകാരം നിശ്ചയിച്ച മിനിമം വേതന നിരക്കിൽ കുറയാത്ത വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പുരുഷൻമാർക്ക് നൽകുന്ന അതേ വേതന നിരക്കുതന്നെ തുല്യജോലിക്ക് സ്ത്രീ തൊഴിലാളികൾക്കും നൽകേണ്ടതാണ്".

**ക്ഷാമബത്ത**

എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന ജീവിതനിലവാര സൂചികയുടെ (1998-99=100) പുതിയ സീരിസിലെ 130 പോയിന്റിനു മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ₹ 1.50 ക്ഷാമബത്തയായി നൽകേണ്ടതാണ്. ജീവിതനിലവാര സൂചികയുമായി ബന്ധപ്പെട്ട സെന്ററുകൾ ചുവടെ ചേർക്കുന്നു :

| | തുറമുഖങ്ങൾ | | ജില്ല |
|---|---|---|---|
| 1. | വിഴിഞ്ഞം | .. | തിരുവനന്തപുരം |
| 2. | തിരുവനന്തപുരം | .. | തിരുവനന്തപുരം |
| 3. | നീണ്ടകര | .. | കൊല്ലം |
| 4. | ആലപ്പുഴ | .. | ആലപ്പുഴ |
| 5. | മുനമ്പം | .. | തൃശ്ശൂർ |
| 6. | പൊന്നാനി | .. | മലപ്പുറം |
| 7. | ബേപ്പൂർ | .. | കോഴിക്കോട് |
| 8. | കോഴിക്കോട് | .. | കോഴിക്കോട് |
| 9. | വടകര | .. | കോഴിക്കോട് |
| 10. | തലശ്ശേരി | .. | കണ്ണൂർ |
| 11. | കണ്ണൂർ | .. | കണ്ണൂർ |
| 12. | അഴീക്കൽ | .. | കണ്ണൂർ |
| 13. | കാസർകോട് | .. | കാസർകോട് |

മാസശമ്പളം നൽകുന്ന ജീവനക്കാർക്ക് എട്ട് മണിക്കൂർ ജോലിക്ക്, മുകളിൽ നിശ്ചയിച്ച പ്രകാരമുള്ള അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂടിയ തുകയെ 26 കൊണ്ട് ഗുണിച്ചാൽ കിട്ടുന്ന അങ്ങനെയുള്ള തുക മാസശമ്പളമായി നൽകേണ്ടതാണ്. ഏതെങ്കിലും വിഭാഗത്തിലെ ജീവനക്കാർക്ക് മുകളിൽ നിർദ്ദേശിച്ച മിനിമം വേതനത്തേക്കാളും കൂടുതൽ വേതനമോ മറ്റ് ഏതെങ്കിലും ആനുകൂല്യമോ യഥാർത്ഥത്തിൽ ലഭിക്കുന്നുണ്ടെങ്കിൽ അവർക്ക് അങ്ങനെയുള്ള ഉയർന്ന നിരക്കിലുള്ള ശമ്പളമോ ആനുകൂല്യങ്ങളോ തുടർന്നും ലഭിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ബാബു,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി (i/c).*

33/1647/2011/DTP.

# വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ ചെറിയ തുറമുഖങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ 2004 നവംബർ 18-ാം തീയതിയിലെ ജി. ഒ. (ആർടി.) 3903/2004/തൊഴിൽ എന്ന നമ്പർ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. ഇക്കാര്യത്തിനായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷവും കേരള സർക്കാർ, പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള കുറഞ്ഞകൂലി നിരക്കുകൾ വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിന് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.